നം.സി1/3884/റ്റി.സി/2010

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ് , തിരുവനന്തപുരം,
തീയതി : 30/05/2011.

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ഹസാർഡ്സ് ഗുഡ്സ് കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങൾ സംബന്ധിച്ച്

സൂചന :- 1. 22/02/2010 തീയതിയിൽ ഈ ഓഫീസിൽ നിന്നുള്ള കത്ത് നം. സി1/1161/റ്റി.സി/2010
2. 25/06/2010 തീയതിയിലെ ഇതേ നമ്പർ കത്ത്

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു, നിലവിൽ വളരെയധികം ടാങ്കുകളും, ട്രക്കുകളും അപകടസാധ്യതയുള്ള വസ്തുക്കൾ കയറ്റിക്കൊണ്ട് സർവ്വീസ് നടത്തുന്നുണ്ട്. ഇത് മറ്റ് വാഹനങ്ങളുടെയും, റോഡ് ഉപയോക്താക്കളുടെയും സുരക്ഷയ്ക്ക് ഭീക്ഷണിയാണ്. ടാങ്കർ ലോറികളിലും, മറ്റ് വാഹനങ്ങളിലും അപകടകരമായ സാധനങ്ങൾ കയറ്റിക്കൊണ്ട് പോകുമ്പോൾ നിർബന്ധമായും പാലിക്കേണ്ട നിയമങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ ഈ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്. എന്നിരുന്നാലും പല നിയമങ്ങളും വേണ്ട വിധത്തിൽ പാലിക്കപ്പെടുന്നില്ല എന്നുള്ള വാർത്തകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കരുനാഗപ്പള്ളിയിൽ സംഭവിച്ചതുപോലത്തെ ദാരുണമായ അപകടം ആവർത്തിക്കാതിരിക്കാൻ വളരെയധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആയതുകൊണ്ട് അപകടകരമായ സാധനങ്ങൾ വഹിച്ചു കൊണ്ടു പോകുന്ന വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും, ചെക്കിംഗ് സമയത്തും, അവയുടെ പെർമിറ്റ് പുതുക്കുന്ന സമയത്തും നിലവിലുള്ള നിയമങ്ങളും, ചട്ടങ്ങളും കർശനമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിരുദ്ധമായി സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ പെർമിറ്റ് റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

എസ്.എച്ച്

31/5/11